## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3762 — 15.12.2014-ൽ മറുപടിക്ക്

### ഓഷ്യനേറിയം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | 1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ പദ്ധതിയുടെ ബിഡ് മാനേജരായി നിയമിച്ചു.<br>2. മഹീന്ദ്ര കൺസൾറ്റിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് പദ്ധതിക്ക് വിശദമായ ടെക്നോ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി.<br>3. പുതുവയ്പ്പിനിൽ റവന്യൂ വകുപ്പിൽ നിന്ന് 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിച്ചു.<br>4. പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭ്യമാക്കി.<br>5. പരിസ്ഥിതി ആഘാത പഠനം, കേന്ദ്ര ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയായ, വിസൻ ലാബിനെകൊണ്ട് നടത്തിച്ച് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (ഇ.ഐ.എ) ലഭ്യമാക്കി.<br>6. തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിക്കുവേണ്ടി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) അപേക്ഷ സമർപ്പിക്കുകയും, അതോറിറ്റിയുടെ മുൻപാകെ പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.<br>7. പാരിസ്ഥിതിക അനുമതിക്കുവേണ്ടി State Level Environmental Impact Assessment Authority (SEIAA) ക്ക് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചു.<br>8. ജപ്പാൻ ഇന്റർനാഷണൽ കോഓപ്പറേഷൻ ഏജൻസി (JICA)ൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ആദ്യമായി ആഗോള ടെണ്ടർ വിളിച്ചതെന്നാണ്; ഇതിനുശേഷം ഏതെല്ലാം തീയതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ആദ്യമായി ആഗോള ടെണ്ടർ വിളിച്ചത് 20.07.2011 ലാണ്. അതിനുശേഷം സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (സി) | പാരിസ്ഥിതിക അനുമതിയും, തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിയും ലഭിക്കാനുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | പാരിസ്ഥിതിക അനുമതിയും, തീരദേശ പരിപാല നിയമപ്രകാരമുള്ള അനുമതിയും ലഭിച്ചതിന് ശേഷം ആഗോള ടെണ്ടർ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നടപടികൾ | തീയതി |
|---|---|
| ആഗോള ടെണ്ടർ ക്ഷണിച്ചു | 20.07.2011 |
| പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ അക്രഡിറ്റഡ് ചെയ്ത ഏജൻസിയെ ചുമതലപ്പെടുത്തി | 22.02.2013 |
| തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള അനുമതി ലഭിച്ച | 11.12.2013 |
| കോമ്പൻസേറ്ററി അഫോർസ്റ്റേഷന് സ്ഥലം അനുവദിക്കുന്നതിന് അപേക്ഷ നൽകി | 28.12.2013 |
| മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ച | 07.10.2014 |
| പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ സമർപ്പിച്ചു | 11.04.2014 |
| തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിക്കുള്ള അപേക്ഷ സമർപ്പിച്ചു. | 11.04.2014 |
| കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് മുൻപാകെ പദ്ധതി അവതരിപ്പിച്ചു. | 30.09.2014 |

സെക്ഷൻ ഓഫീസർ